# Mathrubhumi മാതൃഭൂമി

**11 October 2023**

# പൊക്കാളി കർഷകരുടെ വരുമാനം മെച്ചപ്പെടുത്തണം-കേന്ദ്രമന്ത്രി

**കൊച്ചി▸** പൊക്കാളി അരി പോലുള്ള പരമ്പരാഗത വിളകളെ പുനരുജ്ജീവിപ്പിക്കണമെന്നും പൊക്കാളി കർഷകരുടെ വരുമാനം മെച്ചപ്പെടുത്താനുള്ള നടപടികൾ വേണമെന്നും കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല. 16-ാമത് അഗ്രിക്കൾച്ചർ സയൻസ് കോൺഗ്രസ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

കാർഷിക-ഭക്ഷ്യോത്പാദന വ്യവസ്ഥ സുസ്ഥിരമായി വികസിപ്പിക്കണം. കാർഷിക മേഖലയിൽ സ്ത്രീസൗഹൃദ സാങ്കേതികവിദ്യകൾ വികസിപ്പിക്കേണ്ടതുണ്ടെന്നും മന്ത്രി അഭിപ്രായപ്പെട്ടു. പൊക്കാളികൃഷിയുടെയും ജലാശയങ്ങളിലെ മലിനീകരണത്തിന്റെയും കാര്യം ചടങ്ങിൽ വിശിഷ്ടാതിഥിയായി സംസാരിച്ച ഹൈബി ഈഡൻ എം.പി.യാണ് മന്ത്രിക്കു മുൻപാകെ അവതരിപ്പിച്ചത്.

എല്ലാ പൗരർക്കും തുല്യമായ രീതിയിൽ ഭക്ഷ്യ-പോഷക സുരക്ഷ ഉറപ്പുവരുത്തണമെന്ന ലക്ഷ്യത്തിലാണ് സംസ്ഥാന സർക്കാർ ഈയിടെ പോഷകസമൃദ്ധി പദ്ധതി ആരംഭിച്ചതെന്നും മന്ത്രി പ്രസാദ് പറഞ്ഞു.



▶ നാഷണൽ അക്കാദമി ഓഫ് അഗ്രിക്കൾച്ചർ സയൻസിന്റെ നേതൃത്വത്തിൽ എറണാകുളം ലെ മെറിഡിയൻ ഹോട്ടലിൽ നടക്കുന്ന അഗ്രിക്കൾച്ചർ സയൻസ് കോൺഗ്രസ് ഉദ്ഘാടനം ചെയ്യാനെത്തിയ കേന്ദ്രമന്ത്രി പർഷോത്തം രൂപാല സംസ്ഥാന കൃഷി മന്ത്രി പി. പ്രസാദ്. ഹൈബി ഈഡൻ എം.പി. എന്നിവരുമായി സൗഹൃദം പങ്കിടുന്നു

കേന്ദ്ര കൃഷി ഗവേഷണ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐ.സി.എ.ആർ.) ഡയറക്ടർ ജനറലുമായ ഡോ. ഹിമാൻഷു പഥക് അധ്യക്ഷത വഹിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദേശം അദ്ദേഹം വായിച്ചു.

നാഷണൽ അക്കാദമി ഓഫ് അഗ്രിക്കൾച്ചർ സയൻസാ (നാസ്) ണ് സമ്മേളനം സംഘടിപ്പിക്കുന്നത്. നാസ് ഏർപ്പെടുത്തിയ വിവിധ പുരസ്കാരങ്ങൾ കേന്ദ്രമന്ത്രി വിതരണം ചെയ്തു. സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പ്രദർശനത്തിന്റെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു.

ഐ.സി.എ.ആർ. ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ.കെ. ജെന, നാസ് വൈസ് പ്രസിഡന്റ് ഡോ. എ.കെ. സിങ് എന്നിവർ പ്രസംഗിച്ചു. നാസ് സെക്രട്ടറി ഡോ. ഡബ്ല്യു.എസ്. ലക്ര സ്വാഗതവും സയൻസ് കോൺഗ്രസ് ഓർഗനൈസിങ് സെക്രട്ടറിയും സി.എം.എഫ്.ആർ.ഐ. ഡയറക്ടറുമായ ഡോ. എ. ഗോപാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

കോൺഗ്രസിന് ആതിഥ്യം വഹിക്കുന്നത് സി.എം.എഫ്.ആർ.ഐ.യാണ്.